## പ്രശ്നവും വീക്ഷണവും
### / ഇൽയാസ് മൗലവി

# മഴക്ക് വേണ്ടിയുള്ള നമസ്കാരം

മഴക്ക് വേണ്ടിയുള്ള നമസ്കാരത്തെപ്പറ്റി വിശദീകരിക്കാമോ? അതെപ്പോഴാണ് നിർവഹിക്കേണ്ടത്? മറ്റു നമസ്കാരങ്ങളിൽ നിന്ന് അതിന് വല്ല വ്യത്യാസവും ഉണ്ടോ? ഈ നമസ്കാരത്തിന് പ്രത്യേക സമയം ഉണ്ടോ? മുസ്‌ലിംകളല്ലാത്തവർക്ക് ചടങ്ങിന് ഹാജറാകാമോ? ജന്തുജാലങ്ങളെയും കന്നുകാലികളെയും ഹാജറാക്കേണ്ടതുണ്ടോ?

**മഴ** തേടിയുള്ള പ്രാർഥനയും പാപമോചനത്തിനായുള്ള അഭ്യർഥനയുമാണ് ഈ നമസ്കാരത്തിലെ മുഖ്യ വശം. അതിനാൽ പ്രാർഥന സ്വീകരിക്കപ്പെടാൻ ആവശ്യമായ മുന്നുപാധികളും അവയുടെ മര്യാദകളും പരിഗണിച്ചും പ്രാർഥന നിരസിക്കപ്പെടാൻ ഇടയുള്ള സംഗതികൾ ഒഴിവാക്കിയും വേണം ആ നമസ്കാരം നിർവഹിക്കാൻ. തദടിസ്ഥാനത്തിൽ മഴയെ തേടുന്ന നമസ്കാരത്തിന്റെ മുന്നോടിയായി ചില കാര്യങ്ങൾ പണ്ഡിതന്മാർ വിശദീകരിക്കുന്നു.

പശ്ചാത്തപിക്കുക, തെറ്റുകുറ്റങ്ങളിൽ നിന്ന് അകന്നു നിൽക്കുക, പരസ്പര ബന്ധങ്ങൾ ഇണക്കിച്ചേർക്കുകയും ഊട്ടിയുറപ്പിക്കുകയും ചെയ്യുക, പിണക്കം അവസാനിപ്പിക്കുക തുടങ്ങിയവയോടൊപ്പം മൂന്ന് ദിവസം നോമ്പനുഷ്ഠിക്കുക, അതിനു കഴിയാത്തവർ അന്നേ ദിവസമെങ്കിലും നോമ്പനുഷ്ഠിക്കുക (നോമ്പുകാരന്റെ പ്രാർഥന തള്ളപ്പെടുകയില്ല എന്ന തിരുവചനമനുസരിച്ചാണിത്), കുളിച്ച് വൃത്തിയായി വിനയത്തോടെയും ഭക്തിയോടെയും നമസ്കാരത്തിനായി നടന്ന് തന്നെ പോവുക, പൊതുജനങ്ങൾക്ക് പങ്കെടുക്കാനും നമസ്കരിക്കാൻ തടസ്സമുള്ളവർക്ക് അതിന് സാക്ഷികളാവാനും പ്രാർഥനയിൽ പങ്കെടുക്കാനും കഴിയും വിധം നമസ്കാരം പൊതു മൈതാനത്തായിരിക്കുക, ധാരാളമായി ഇസ്തിഗ്ഫാർ(പാപമോചനാർഥന) നടത്തിക്കൊണ്ടിരിക്കുക തുടങ്ങിയവയൊക്കെ ഈ സന്ദർഭത്തിൽ അഭികാമ്യമാണ്.

പെരുന്നാൾ നമസ്കാരത്തിന്റെ സമയമാണ് ഉത്തമമെങ്കിലും രാവോ പകലോ എന്ന വ്യത്യാസമില്ലാതെ ഏത് സമയത്തും ഇത് നിർവഹിക്കാം. എന്നാൽ, നമസ്കാരം വിലക്കപ്പെട്ട സമയങ്ങളിൽ ഒഴിവാക്കേണ്ടതാണ് (*ഇമാം നവവി മജ്മൂഇൽ*) എന്നാണ് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്.

പെരുന്നാൾ നമസ്കാരം പോലെ ആദ്യം നമസ്കാരവും പിന്നീട് ഖുത്ബയും എന്നതാണ് മുൻഗണന. എന്നാൽ, ജുമുഅയിലേത് പോലെ ആദ്യം ഖുത്ബയാക്കുന്നതിനും വിരോധമില്ല. പ്രത്യേക മിമ്പറൊന്നും ഒരുക്കാതെ നിലത്ത് തന്നെ നിന്ന് ഖുത്ബ നിർവഹിക്കുകയാണ് വേണ്ടത്. പെരുന്നാൾ നമസ്കാരം പോലെ ആദ്യത്തെ റക്അത്തിൽ ഏഴും രണ്ടാമത്തേതിൽ അഞ്ചും തക്ബീറുകൾ ചൊല്ലാവുന്നതാണ്. ഈ എണ്ണം ഒഴിവാക്കിയാലും കുഴപ്പമൊന്നുമില്ല (*തുഹ്ഫ*യിൽ തക്ബീർ വേണം, *ഇഹ്‌യാ*യിൽ വേണ്ട). സ്ത്രീകളുൾപ്പെടെ, ആബാല വൃദ്ധം ജനങ്ങൾക്ക് നമസ്കാരത്തിൽ പങ്കെടുക്കാമെന്നും, മുസ്‌ലിംകൾക്ക്പുറമെ ചടങ്ങിന് സാക്ഷികളാകാനായി ഇതര മതസ്ഥരെയും ക്ഷണിക്കാമെന്നും പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അല്ലാഹുവിന്റെ വിഭവങ്ങൾ മുസ്‌ലിം-അമുസ്‌ലിം ഭേദമന്യേ അത്രയും ഉദാരമായാണ് നൽകപ്പെട്ടിട്ടുള്ളതെന്ന് ചില പണ്ഡിതന്മാർ പറഞ്ഞതായി ഇമാം ഇബ്നു ഹജർ *തുഹ്ഫ*യിൽ രേഖപ്പെടുത്തുന്നു (*തുഹ്ഫ* 1/387). കന്നുകാലികളെ അവയുടെ കിടാങ്ങളോടൊപ്പം ഹാജറാക്കുന്നതും അഭികാമ്യമാണെന്ന് *തുഹ്ഫ*യിൽ കാണാം. അവക്കൊക്കെയും പ്രാർഥനയും സ്തോത്രങ്ങളും ഉണ്ട്. ഒരിക്കൽ പ്രവാചകൻ സുലൈമാൻ (അ) ജലാർഥന നടത്താനായി പുറപ്പെട്ടു. അപ്പോഴതാ ഒരു ഉറുമ്പ് തന്റെ കൈകാലുകൾ നിവർത്തി അല്ലാഹുവിനോട് മഴക്കായി കേഴുന്നു. ഉടനെ കൂടെയുണ്ടായിരുന്ന പ്രജകളോടായി സുലൈമാൻ (അ) ഇങ്ങനെ പറഞ്ഞു: സധൈര്യം പിരിഞ്ഞ് പോയാലും. ഈ ഉറുമ്പിന് വേണ്ടി നിങ്ങളുടെ അഭ്യർഥന അല്ലാഹു സ്വീകരിച്ചിരിക്കുന്നു (*തുഹ്ഫ* 1/387).

സാധാരണ പെരുന്നാൾ ഖുത്ബ പോലെ തന്നെയാണ്

ഇവിടെയും അതിന്റെ രൂപം. എങ്കിലും പെരുന്നാൾ ഖുത്ബയിൽ തക്ബീറുകൾ ആവർത്തിക്കുക എന്നതാണെങ്കിൽ ഇവിടെ ഇസ്തിഗ്ഫാർ വർധിപ്പിക്കുക എന്ന വ്യത്യാസമുണ്ട്. അതു പോലെ തിരുമേനി (സ) താൻ ധരിക്കാറുണ്ടായിരുന്ന മേൽമുണ്ട് തല തിരിച്ച് പുതച്ചു എന്നും ഖിബ്ലക്കഭിമുഖമായി തിരിഞ്ഞുനിന്ന് നന്നായി കൈ ഉയർത്തി പ്രാർഥിച്ചു എന്നും ഹദീസുകളിൽ കാണാം. തദടിസ്ഥാനത്തിൽ ഖത്വീബ് രണ്ടാം ഖുത്ബയിൽ ജനങ്ങളെ അഭിമുഖീകരിക്കുന്നതിന് പകരം ഖിബ്ലക്കഭിമുഖമായി തിരിഞ്ഞുനിന്നു മേൽക്കുപ്പായമോ, മേൽമുണ്ടോ, ഷാളണിഞ്ഞിട്ടുണ്ടെങ്കിൽ അതോ ഊരി ഉള്ളും പുറവും തല തിരിച്ച് പുതച്ച് കൊണ്ട് കൈ ഉയർത്തി പ്രാർഥിക്കുന്നത് ഉത്തമമാണെന്ന് പണ്ഡിതന്മാർ ഊന്നിപ്പറഞ്ഞിരിക്കുന്നു. മഅ്മൂമുകളും അങ്ങനെ ചെയ്യുന്നത് അഭികാമ്യമാണെന്നും അവർ അഭിപ്രായപ്പെട്ടിട്ടുണ്ട്. വളരെ സാരസമ്പുഷ്ടമായ പല പ്രാർഥനകളും ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം.

ഇങ്ങനെ മഴക്കുവേണ്ടി പ്രാർഥിക്കാൻ നാം തയാറായാൽ അല്ലാഹു അത് പരിഗണിക്കുമെന്നും അവന്റെ കാരുണ്യം വർഷിക്കുമെന്നുമാണ് അവൻ തന്നെ നമ്മെ അറിയിച്ചിട്ടുള്ളത്. എന്നാൽ, അത് ഏത് സമയത്ത്, ഉടനെ തന്നെയോ അൽപം വൈകിയോ എന്നതെല്ലാം അല്ലാഹുവിന്റെ ഇഛാനുസാരം മാത്രമാണ് നടക്കുക. ഒരു പ്രാവശ്യം നിർവഹിച്ച്, മഴ വർഷിച്ചില്ലെങ്കിൽ മഴ വർഷിക്കും വരെ രണ്ടും മൂന്നും പ്രാവശ്യം ഇതേ രീതി തുടരേണ്ടതാണെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഒരു പ്രാവശ്യം അങ്ങനെ ചെയതിട്ട് മഴ പെയ്തില്ലെങ്കിൽ അത് കുറച്ചിലായി ആരും മനസ്സിലാക്കേണ്ടതില്ല. ദൈവത്തോടടുക്കാനും തെറ്റ് കുറ്റങ്ങളിൽ നിന്നകന്ന് നിൽക്കാനുമുള്ള പ്രചോദനമാണ് അത്തരം സന്ദർഭങ്ങളിൽ ലഭിക്കേണ്ടത്. പ്രാർഥനക്ക് ഉത്തരം ലഭിക്കാതിരിക്കുന്നത് പല കാരണങ്ങൾ കൊണ്ടുമാവാം. മനുഷ്യരുടെ ഭാഗത്ത് നിന്നുള്ള തെറ്റ് കുറ്റങ്ങളും വീഴ്ചകളും തിന്മകളും ഒരു കാരണമാണ്. നിഷിദ്ധമാർഗേണയുള്ള സമ്പത്ത് മറ്റൊരു കാരണമാണ്. കുടുംബ സാഹോദര്യബന്ധങ്ങൾ വിഛേദിക്കുന്നത് വേറൊരു കാരണം. ഇനി ഇതൊക്കെ ശരിയാക്കിയാലും, ദൈവത്തിന്റെ അറിവിൽ മാത്രം പെട്ട അപാരമായ യുക്തിയുടെ അടിസ്ഥാനത്തിലായിരിക്കാം പ്രാർഥനക്ക് തൽക്ഷണം ഉത്തരം ലഭിക്കാതെ പോവുന്നത്. ഇവിടെ നമുക്ക് ചെയ്യാനുള്ളത് പരമാവധി ദൈവത്തിന്റെ വിനീത വിധേയരായ അടിമകളായി തന്റെ ചുമലിലർപ്പിതമായ ബാധ്യതകളും ഉത്തരവാദിത്വങ്ങളും യഥാവിധി നിർവഹിച്ച് അവന്റെ സാമീപ്യം നേടാനുതകുന്ന സൽക്കർമങ്ങൾ ചെയ്ത് അവന്റെ ഇഷ്ടദാസന്മാരാവുകയും എന്നിട്ട് അവൻ കൽപിച്ച പ്രകാരം അവനോട് കേണപേക്ഷിക്കുകയും ചെയ്യുക എന്നതാണ്. മുച്ചൂടും തിന്മയിൽ മുങ്ങിക്കുളിച്ച, അധർമങ്ങളിൽ ആറാടിക്കൊണ്ടിരിക്കുന്ന സമൂഹം ദൈവാനുസരണത്തിലേക്കും ധർമബോധത്തിലേക്കും മടങ്ങുകയാണ് അവന്റെ കാരുണ്യം വിലക്കപ്പെടാതിരിക്കാനുള്ള മാർഗം. മനുഷ്യന്റെ തെറ്റ് കുറ്റങ്ങൾ മഴ വർഷിക്കുന്നതിന് തടസ്സമാവുമെന്നും ഇതര ജീവികളും സസ്യജാലങ്ങളും അതിന്റെ പേരിൽ മനുഷ്യനെ ശപിച്ചുകൊണ്ടിരിക്കുമെന്നുമെല്ലാം ഹദീസുകളിൽ കാണാം. അൽപമെങ്കിലും മഴ ലഭിക്കുന്നത് മിണ്ടാപ്രാണികളും കന്നുകാലികളുമുള്ളത് കൊണ്ടാണെന്നും അവയില്ലായിരുന്നുവെങ്കിൽ നിങ്ങൾക്കൊരിക്കലും മഴ വർഷിക്കുമായിരുന്നില്ല എന്നും പ്രവാചകൻ(സ) പഠിപ്പിച്ചിട്ടുണ്ട്.

ചുരുക്കത്തിൽ ഒരു പ്രദേശത്തുള്ള മുസ്ലിംകൾ സംഘടനാ ഭേദമന്യേ നാട്ടിലെല്ലാവരും ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഒരു പണ്ഡിതന്റെ നേതൃത്വത്തിൽ പ്രദേശത്തെ ഒരു തുറന്ന മൈതാനത്ത് ഒരുമിച്ച് ചേർന്നാണ് ഈ ആരാധനാകർമം നിർവഹിക്കേണ്ടത്. കഴിയാവുന്നവരൊക്കെ നോമ്പെടുക്കുകയും തങ്ങളുടെ അയൽക്കാരും നാട്ടുകാരുമൊക്കെയായ ഇതര മത സഹോദരന്മാരെ കൂടി ചടങ്ങ് വീക്ഷിക്കാൻ ക്ഷണിക്കുകയുമൊക്കെ ചെയ്തു കൊണ്ട് ഈ നമസ്കാരം നിർവഹിക്കുന്നതും പ്രാർഥിക്കുന്നതും അതിനെ ഒരു മഹത്തരമായ കർമമാക്കും. മഴ പെയ്യട്ടെ, പെയ്യാതിരിക്കട്ടെ അത് അല്ലാഹുവിന് വിട്ട് കൊണ്ട് നാം നമ്മുടെ ചുമതല നിർവഹിക്കുക. അല്ലാഹുവിന്റെ അനുഗ്രഹം തീർച്ചയായും നമുക്കുണ്ടാവും. പ്രവാചകന്റെ ഒരു മഹത്തായ സുന്നത്ത് പുനരുജ്ജീവിപ്പിക്കുക എന്ന സൽക്കർമം കൂടി ആയിരിക്കും അത്. ■

# മഗ്‌രിബ് നമസ്‌കാരം

## ഇശാഅ് നമസ്‌കാരത്തിലേക്ക് പിന്തിക്കാം



യാത്ര കാരണം മഗ്‌രിബ്, ഇശായുടെ കൂടെ ജംഅ് ആക്കി നമസ്കരിക്കാൻ തീരുമാനിച്ചു. അങ്ങനെ ലക്ഷ്യസ്ഥാനത്തെത്തിയപ്പോൾ ഇശാഅ് ജമാഅത്ത് നമസ്കാരത്തിന് ഇഖാമത്ത് കൊടുത്തുകൊണ്ടിരിക്കുന്നു. അപ്പോൾ എന്താണ് ചെയ്യേണ്ടത്? ആദ്യം ജമാഅത്തിന്റെ കൂടെ ഇശാഅ് നമസ്കരിക്കണമോ? മാറി നിന്ന് മഗ്‌രിബ് നമസ്കരിക്കണമോ?

**ഇശാഇന്റെ** കൂടെ ജംആക്കാമെന്ന് വെച്ചതിനാലോ, ഉറക്കമോ മറവിയോ കാരണം വൈകിപ്പോയതിനാലോ മഗ്‌രിബ് നമസ്കാരം ബാക്കിയുള്ള ആൾ ഇശാ നമസ്കാരം നടക്കുന്ന സമയത്താണ് പള്ളിയിലെത്തുന്നതെങ്കിൽ താഴെ പറയുന്ന ഏത് രൂപത്തിലും അയാൾക്ക് മഗ്‌രിബ് നമസ്കരിക്കാവുന്നതാണ്.

1. മഗ്‌രിബിന്റെ നിയ്യത്തോടെ ഇശാ ജമാഅത്തിൽ ചേരുകയും മൂന്ന് റക്അത്ത് കഴിഞ്ഞാൽ ഇമാമിനോടൊപ്പം എഴുന്നേൽക്കാതെ അത്തഹിയ്യാത്തും സ്വലാത്തും ദുആയും പൂർത്തിയാക്കി സലാം വീട്ടുകയും ശേഷം എഴുന്നേറ്റ് ഇമാമിന്റെ കൂടെ ഇശാ നിയ്യത്ത് ചെയ്ത് തുടരുകയും ചെയ്യുക. ഇതാണ് ശാഫിഈ മദ്ഹബിന്റെയും ഹമ്പലീ മദ്ഹബിലെ ഒരു വിഭാഗത്തിന്റെയും അഭിപ്രായം. ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ (റ)യുടെ അഭിപ്രായവും ഇതുതന്നെ.

2. മുകളിൽ പറഞ്ഞ പ്രകാരം നമസ്കാരത്തിൽ ഇമാമിനോടൊപ്പം ചേരുകയും മൂന്ന് റക്അത്ത് പൂർത്തിയാക്കി സലാം വീട്ടാതെ ഇമാം നമസ്കാരം പൂർത്തിയാക്കി സലാം വീട്ടുന്നത് വരെ കാത്തിരിക്കുകയും ഇമാം സലാം വീട്ടിയ ശേഷം സലാം വീട്ടുകയും ചെയ്യുക. ഇതും അനുവദനീയമാണ്.

ഇവിടെയെല്ലാം ഇമാമിന്റെയും മഅ്മൂമിന്റെയും നിയ്യത്തുകൾ വ്യത്യസ്തമാണെന്നുള്ളത് നമസ്കാരത്തിന്റെ സാധുതയെ ബാധിക്കുകയില്ല.

3. ഇമാമിനോടൊപ്പം ഇശാ ജമാഅത്തിൽ ചേരാതെ ആദ്യം മഗ്‌രിബ് നമസ്കരിക്കുകയും പിന്നീട് ഇമാമിനോടൊപ്പം കിട്ടിയ റക്അത്തുകളിൽ ചേരുകയും ചെയ്യുക.

ജമാഅത്ത് നടക്കുമ്പോൾ അതിൽ ചേരാതെ മാറിനിന്ന് മറ്റൊരു നമസ്കാരം നിർവഹിക്കുക എന്നത് അനഭിലഷണീയമായതിനാൽ ഒന്നാം അഭിപ്രായത്തിന്റെ അത്ര പ്രാമുഖ്യമില്ലാത്തതാണ് ഈ രീതി.

4. ഇമാമിന്റെ കൂടെ ഇശാ തന്നെ നിയ്യത്ത് ചെയ്ത് ആദ്യം ഇശാ നമസ്കരിക്കുകയും പിന്നീട് മഗ്‌രിബ് സ്വന്തമായി നമസ്കരിക്കുകയും ചെയ്യുക. ഇവിടെയും നമസ്കാരങ്ങൾ തമ്മിലുള്ള ക്രമം (തർത്തീബ്) തെറ്റുന്നു എന്ന അനഭിലഷണീയതയുള്ളതിനാൽ ഒന്നാം അഭിപ്രായത്തിന്റെ അത്ര പരിഗണന അർഹിക്കുന്നില്ല.

ഒന്നാമത്തെയും രണ്ടാമത്തെയും അഭിപ്രായത്തിന് ഉപോൽബലകമായി ഇമാം നവവി (റ) തന്റെ *ശറഹുൽ മുഹദ്ദബിൽ* (അധ്യായം: നമസ്കാരം, പേജ് 4/143) ഇങ്ങനെ രേഖപ്പെടുത്തുന്നു: "നമ്മുടെ മദ്ഹബ് പ്രകാരം ഫർദ് നമസ്കാരത്തിന്റെ പിന്നിൽ സുന്നത്ത് നമസ്കാരം ശരിയാകും. സുന്നത്തിന്റെ പിന്നിൽ ഫർദും. അതുപോലെ ഒരു ഫർദ് നമസ്കാരത്തിന് പിന്നിൽ അതിനോട് യോജിക്കുന്ന മറ്റൊരു ഫർദ് ശരിയാകും. അതിനേക്കാൾ റക്അത്തുകളുടെ എണ്ണത്തിൽ കുറവുള്ള ഫർദിന് പിന്നിലും മറ്റൊരു ഫർദ് നമസ്കാരം ശരിയാകും. ഇതെല്ലാം തന്നെ നമ്മുടെയടുക്കൽ അഭിപ്രായ വ്യത്യാസമില്ലാതെ അനുവദനീയമാകുന്നു....

....ഇനി റക്അത്തുകളുടെ എണ്ണം കുറവുള്ള നമസ്കാരമാണ് മഅ്മൂമിന്റേതെങ്കിൽ - നാല് റക്അത്തുള്ള നമസ്കാരത്തിന്റെയോ മഗ്‌രിബിന്റെയോ പിന്നിൽ സുബ്ഹ് നമസ്കരിക്കും പോലെ - രണ്ട് രൂപം സ്വീകരിക്കാവുന്നതാണ്...

....നമ്മുടെ മദ്ഹബനുസരിച്ച് (അത്തരം നമസ്കാരത്തിന് പിന്നിൽ) തുടരൽ സാധുവാണ്. അപ്പോൾ മഅ്മൂമിന്റെ നമസ്കാരം തീരുകയും ഇമാം തനിക്ക് ബാക്കിയുള്ള റക്അത്തിലേക്ക് എഴുന്നേൽക്കുകയും ചെയ്യുമ്പോൾ മഅ്മൂമിന് ഒന്നുകിൽ സലാം വീട്ടിക്കൊണ്ട് ഇമാമിനെ വിട്ടുപിരിയാം. അല്ലെങ്കിൽ ഇമാമിന്റെ കൂടെ സലാം വീട്ടാൻ കണക്കാക്കി തദ്സ്ഥാനത്ത് കാത്തിരിക്കുകയും ചെയ്യാം. അങ്ങനെ കാത്തിരിക്കുന്നതാണ് ഉത്തമം.

ദുഹ്ർ നമസ്കരിക്കുന്നവന്റെ പിന്നിൽ സുബ്ഹ് നമസ്കരിക്കുന്നവൻ അവന്റെ നമസ്കാരം പൂർത്തിയായാൽ വേണമെങ്കിൽ അവന് ഇമാമിന്റെ നമസ്കാരം പൂർത്തിയാവുംവരെ അത്തഹിയ്യാത്തിൽ കാത്തിരിക്കുകയും ഇമാമിനോടൊപ്പം സലാം വീട്ടുകയും ചെയ്യാം. ഇതാണ് ഉത്തമം. ഇനി അവന് വേണമെങ്കിൽ ഇമാമിനെ പിരിയുകയും സലാം വീട്ടുകയും ചെയ്യാം. ഇങ്ങനെ വേർപിരിയുന്നത് മുഖേന നമസ്കാരം ബാത്വിലാവുകയില്ല എന്നകാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. കാരണം ഇമാമിനെ തുടരാൻ പറ്റാത്തത് തന്നെ. സമാനമായ എല്ലാ രൂപങ്ങളിലും ഇപ്രകാരം തന്നെയാണ് ചെയ്യേണ്ടത്." ■